**കോവളം, വർക്കല, പൊൻമുടി, ബേക്കൽ എന്നീ പ്രദേശങ്ങളുടെ വിനോദസഞ്ചാര വികസനം**

**55 (1743)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ കോവളം, വർക്കല, പൊൻമുടി, ബേക്കൽ എന്നീ പ്രദേശങ്ങളുടെ സമഗ്രവികസനത്തിനും വിനോദസഞ്ചാര വികസനത്തിനുംവേണ്ടി ഈ പ്രദേശങ്ങളെ പ്രത്യേകം "ടൂറിസം സോണുകളായി" പ്രഖ്യാപിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഇപ്രകാരം പ്രത്യേകം ടൂറിസം സോണുകൾ നിലവിൽ വരികയാണെങ്കിൽ ഈ പ്രദേശങ്ങളിൽ വിനോദസഞ്ചാര വികസനത്തിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, വിനോദ സഞ്ചാരികൾക്ക് ആവശ്യമായ നിയമവിധേയമായ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുംവേണ്ടി നിലവിലുള്ള രീതികളിൽ ഇളവ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ വാണിജ്യ സ്ഥാപനങ്ങളെയും മറ്റും ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെയും പരിധിയിൽ നിന്നും ആവശ്യമെങ്കിൽ ഒഴിവാക്കിയും അബ്കാരി നിയമത്തിൽ ഇളവു നൽകിയും ടൂറിസ്റ്റുകൾക്ക് ആവശ്യമായ ബിയർ, വൈൻ എന്നിവ ലഭ്യമാക്കുന്നതിന് കൂടുതൽ പാർലറുകൾ സ്വകാര്യമേഖലയിൽ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല, എന്നാൽ ഈ ടൂറിസം പ്രദേശങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്.

(ബി-ഡി) ഈ പ്രദേശത്തെ ടൂറിസം വികസനപദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ആവശ്യമായ അടിസ്ഥാന സൗകര്യവികസനം, ബിയർ, വൈൻ പാർലറുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ എന്നിവയ്ക്ക് രൂപം നൽകുന്നുണ്ട്. അന്തിമ തീരുമാനത്തിലെത്തിയിട്ടില്ല.

**ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ സമഗ്ര വികസനം**

**56 (1744)** ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെയും പരിസരത്തിന്റെയും സൗന്ദര്യവൽക്കരണത്തിനായി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly